DESPATCHED
On 06/02/2020
18.1.20


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം-695 001**

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic@kerala.nic.in


ഹർജി നമ്പർ **CP 662(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.8435/SIC-Gen5/2015**

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ഡോ: ബിജു പി.,
ബിനു ഭവൻ,
പട സൗത്ത്, കരുനാഗപ്പള്ളി,
കൊല്ലം-690 518.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജൂബിലി മിഷൻ മെഡിക്കൽ കോളേജ് &
റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,
ജൂബിലി മിഷൻ പി.ഒ., കിഴക്കേ കോട്ട,
തൃശ്ശൂർ - 680 005.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 6.5.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 19.5.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 20.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 1.6.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 8.6.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷിയുടെ പ്രതിനിധി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ഡോ: ബിജു പി., കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചിത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ എതിർകക്ഷി സ്ഥാപനം സ്വീകരിച്ചില്ലെന്നും ഇന്ത്യയുടെ ഇതര ഹൈക്കോടതികളുടെ ഉത്തരവു പ്രകാരം സ്വകാര്യ മെഡിക്കൽ കോളേജുകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ് എന്ന് അറിഞ്ഞുകൊണ്ടാണ് ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചത് എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ താഴെപ്പറയുന്ന വിവരങ്ങളാണ് :

i. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മുഴുവൻ എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം എത്ര എന്നും

ii. മേൽപ്പടി കോളേജിലെ മുഴുവൻ ഗവൺമെന്റ് ക്വോട്ട എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം എത്ര എന്നും

iii. മേൽപ്പടി കോളേജിലെ മുഴുവൻ മാനേജ്മെന്റ് ക്വോട്ട എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം എത്ര എന്നും

iv. മേൽപ്പടി കോളേജിലെ മുഴുവൻ എൻ.ആർ.ഐ എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം എത്ര എന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എന്ന സ്ഥാപനം വിവരാവകാശ നിയമത്തിലെ 2(എച്ച്) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള പൊതു അധികാരി അല്ലെന്നും ആയതിനാൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്. മേൽപ്പടി സ്ഥാപനം സർക്കാരിൽ നിന്നും യാതൊരുവിധ സാമ്പത്തിക ആനുകൂല്യങ്ങളും കൈപ്പറ്റുന്നില്ലെന്നും മേൽപ്പടി സ്ഥാപനത്തിൽ വിവരാവകാശ നിയമ പ്രകാരമുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസറോ അപ്പീൽ അധികാരിയോ ഇല്ലെന്നും ടി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതായി കാണുന്നു.

3. എതിർകക്ഷി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതു അധികാര സ്ഥാപനം അല്ലെന്നാണ് മേൽപ്പടി സ്ഥാപനം കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. ആയത് തെറ്റാണെന്നു സ്ഥാപിക്കുന്ന യാതൊരു തെളിവും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk